**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **13-07-2022 - ൽ മറുപടിയ്ക്ക്**

**കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരക്കടൽ ചരക്ക് കപ്പൽ സർവ്വീസ് പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ കപ്പലുകൾ അടുക്കുന്നതിനും ചരക്ക് നീക്കത്തിനും ആവശ്യമായ ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സർക്കാർ ആരംഭിച്ചു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കസ്റ്റംസ് ഇ.ഡി.ഐ. ഫെസിലിറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. കപ്പൽ കമ്പനികൾക്ക് പ്രത്യേക ഇൻസെന്റീവ് പാക്കേജ് പ്രഖ്യാപിച്ചു. ബേപ്പൂർ/ അഴീക്കൽ തുറമുഖങ്ങളിലായി 2.5 കോടി രൂപ ഇൻസെന്റീവായി നൽകി. എന്നാൽ റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ സർവ്വീസ് നടത്താൻ ഷിപ്പിംഗ് ലൈനേഴ്സ് വിമുഖത കാണിക്കുകയാണ്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് DPR തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് തടസ്സം കൂടാതെ കയറ്റിയിറക്ക് നടത്തുന്നതിന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കി. 4 കോടി രൂപ ചെലവിൽ ധ്വനി, മിത്ര എന്നീ രണ്ട് പുതിയ ടഗ്ഗുകൾ വാങ്ങി. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയാക്കി ഇമിഗ്രേഷൻ അധികൃതർ പരിശോധന നടത്തി, നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്..പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് സർവീസ് ഭാവിയിൽ കൊല്ലത്തുനിന്നും തൂത്തുക്കുടി മാലി തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ചരക്കുനീക്കം ആരംഭിക്കു ന്നതിനുള്ള പദ്ധതികൾ ആലോചിച്ചു വരികയാണ്. |
| (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട വൻകിടേതര തുറമുഖങ്ങളായ അഴീക്കോട്, ബേപ്പൂർ എന്നിവിടങ്ങളിൽ നിന്ന് കപ്പൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കണ്ടെയ്നർ ചരക്ക് കപ്പൽ സർവീസ് ആരംഭിച്ചു. എന്നാൽ റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ സർവ്വീസ് നടത്താൻ ഷിപ്പിംഗ് ലൈനർ വിമുഖത കാണിക്കുകയാണ്. |
| (സി) | കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാസഞ്ചർ കപ്പൽ സർവ്വീസിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഇത്തരത്തിൽ സർവീസ് നടത്തുന്ന യാത്ര കപ്പലുകളുടെ ലഭ്യതകുറവ്, പ്രവർത്തനചെലവ്, നിലവിൽ ലഭ്യമായ റോഡ്, റെയിൽ മാർഗ്ഗങ്ങളിലുള്ള ചെലവ് കുറവ് എന്നിവ പരിഗണിക്കുമ്പോൾ പാസഞ്ചർ സർവീസ് ആദായകരമല്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കുവാൻ തയ്യാറായ സംരംഭകരെ ലഭിച്ചിട്ടില്ല. |
| (ഡി) | കൊല്ലം തുറമുഖം വഴി പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അവ പാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയാക്കി. ഇമിഗ്രേഷൻ അധികൃതർ പരിശോധന നടത്തി, നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ തിരുവനന്തപുരം FRRO-യുടെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള മാരിടൈം ബോർഡ് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ